
പ്രവാസ
സാഹിത്യം
സമ്പാദനം പഠനം
ഡോ. എ.എസ്. പ്രതീഷ്

4. നഗരകാനനത്തിലെ പ്രവാസകാലം 169

*ഡോ. എസ്. ജയൻ*

5. അന്നംതേടുന്ന തൊഴിൽപ്രവാസങ്ങൾ 174

*ഡോ. എസ്. ഹേനലാൽ*

6. പ്രവാസത്തിന്റെ ജീവിതവ്യാഖ്യാനങ്ങൾ 181

*ആർ. രമ്യ*

7. കബീറിന്റെ ചിരിയിലെ മൂകഭാഷ്യങ്ങൾ 186

*ഡോ. ദീപ്തി. വി.എസ്*

8. നിശബ്ദതയാൽ മുറിവേൽപ്പിക്കപ്പെട്ടവൻ 194

*മൈന മോഹൻ*

9. അഫ്റാജിലെ ബഹുസ്വരത 200

*സ്വാതി മോഹൻ. ജെ*

10. മരുഭൂമിയുടെ ഊഷരതയിൽ നിന്നും ഇടവപ്പാതിയുടെ കുളിരിലേക്ക് 206

*സൂര്യ ശ്രീധരൻ*

11. ചരിത്രത്തിൽ ഇടംനിഷേധിക്കപ്പെട്ടവർ 211

*സിബി. വി*

12. കടൽ കടന്നുപോകുന്നവർ 215

*ഹെലൻ. എം*


## ഭാഗം മൂന്ന്

# കവിത


1. പ്രവാസികവിത മലയാളത്തിൽ 221

*ഡോ. ശിവദാസ് കെ.കെ.*

# നഗരകാനനത്തിലെ പ്രവാസകാലം

**ഡോ. എസ്. ജയൻ**

കേരളത്തിന്റെ പ്രവാസജീവിതത്തിന് ദീർഘമായ ഒരു ചരിത്രമുണ്ട്. ആ അന്വേഷണം ചരിത്രാതീതകാലത്തേക്ക് നീളും. ബ്രിട്ടീഷുകാരുടെ കടന്നു വരവിന് മുമ്പ് തന്നെ ധാരാളം വിദേശശക്തികൾ ഇവിടേക്ക് കടന്നു വന്നിട്ടുണ്ട്. കച്ചവടതാല്പര്യത്തിനായി വന്ന ഡച്ചുകാർ, ഫ്രഞ്ചുകാർ, പോർച്ചുഗീസുകാർ, അറബികൾ എന്നിവർ അവരിൽ ചിലർ മാത്രം. ഇവരുടെ ആശ്രിതരായോ, സഹായിയായോ, അടിമകളായോ ഏതെങ്കിലും കേരളീയർ അവരുടെ ദേശങ്ങളിലേക്ക് പോയിരിക്കാം. പക്ഷെ, തെളിവില്ല. സാഹചര്യം കൊണ്ട് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഒരു തൊഴിലന്വേഷകനായോ, സഞ്ചാരിയായോ, അഭയാർഥിയായോ സ്വന്തം ദേശം ഉപേക്ഷിച്ചു പോകുന്നവരെയെല്ലാം സാമാന്യാർഥത്തിൽ പ്രവാസി എന്ന് വിളിക്കാം. ഇന്ന് പൊതുവെ പ്രവാസികൾ എന്ന് പറയുമ്പോൾ ഗൾഫിലേക്ക് തൊഴിൽ തേടിപ്പോയവരെയാണ് നാം ഓർക്കുന്നത്. എന്നാൽ ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്ക് തൊഴിൽ തേടിപ്പോയവരാണ് മലയാളികൾ. പൊറ്റക്കാടിന്റെ സഞ്ചാരസാഹിത്യത്തിൽ അന്യദേശങ്ങളിൽ നാം കണ്ടെത്തുന്ന മലയാളികൾ തന്നെ അതിന് ദൃഷ്ടാന്തം. ഗൾഫ് കുടിയേറ്റത്തിന് മുമ്പു തന്നെ മലയാളികൾ ശ്രീലങ്ക, സിംഗപ്പൂർ, മ്യാൻമർ തുടങ്ങിയ രാജ്യങ്ങളിലേക്ക് തൊഴിൽ അന്വേഷകരായി പോയിരുന്നു. മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ തേടിയുള്ള യാത്രകളായിരുന്നു അതെല്ലാം. രാജ്യാന്തര യാത്രകളോടൊപ്പം തന്നെ നമ്മുടെ രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളും മലയാളി തന്റെ പ്രവാസജീവിതത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ബോംബെ, ഡൽഹി, ആസാം, തുടങ്ങിയ നഗരങ്ങൾ ഇതിന് ഉദാഹരണമായി ചൂണ്ടികാണിക്കാവുന്നതാണ്. ഇത്തരത്തിൽ ദീർഘവും വിശാലവുമായ പ്രവാസജീവിതത്തിന് മലയാളിയെ പ്രാപ്തനാക്കുന്നത് അവന്റെ സവിശേഷമായ സ്വഭാവമാണ്. ഏത് സാമൂഹികവ്യവസ്ഥിതിയോട് ഇഴുകിച്ചേരുന്നതിനും ഏത് ഭാഷ സ്വായത്തമാക്കുന്നതിനും, ഏത് സംസ്കാരം ഉൾക്കൊള്ളുന്നതിനും മലയാളികളുള്ള കഴിവ് അപാരം തന്നെയാണ്. ഏത് സാഹചര്യത്തിനോടും ഇഴുകിച്ചേരുന്നതിനുള്ള സാമർഥ്യമാണ് മലയാളികളുടെ പ്രവാസജീവിതത്തെ വിജയത്തിലെത്തിച്ചത്. ഏതൊരു പ്രവാസിയും തന്റെ മനസ്സിൽ ഒരു ... ങ്ങളും ഭീതിയും വിഹ്വലതകളും വച്ച് പുലർത്തുന്നുണ്ട്.

# പ്രവാസ സാഹിത്യം

സമ്പാദനം പഠനം

ഡോ. എ.എസ്. പ്രതീഷ്



ചുട്ടുനീറുന്ന ആകുലതകളുടെ കൊടിയടയാളമായി 'പ്രവാസം' എന്ന സംജ്ഞ മാറിക്കഴിഞ്ഞിരിക്കുന്നു. സ്വന്തം നാട്ടിൽനിന്നും അന്യദേശത്ത് ജീവിക്കേണ്ടിവരുന്ന ഏതുനാട്ടുകാരനും അനുഭവിക്കുന്നത് 'പ്രവാസം' തന്നെയാണ്. സഹനത്തിന്റെയും കണ്ണുനീരിന്റെയും പതംപറച്ചിലുകൾക്കപ്പുറം സുഖസമൃദ്ധിയുടെയും ലോകസൗഹൃദങ്ങളുടെയും മറ്റൊരു വിശാലവേദികൂടി പ്രവാസം ചിലർക്ക് നൽകാറുണ്ട്.

വില: ₹ 300/-

SIL - 4838

ISBN978 81-200-4838-6

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

തിരുവനന്തപുരം